ഉത്തരം

(എ) ഇല്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ നിയമനം പി.എസ്.സി. വഴിയാണ് നടത്തുന്നത്.

(ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ കേരള സർക്കാരിന്റെ നൂറു ശതമാനം ഓഹരിയുടമസ്ഥതയുള്ള കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഒറ്റ കമ്പനിയായിട്ടാണ് പുനഃസംഘടിപ്പിച്ചിട്ടുള്ളത്. സർക്കാരിതര കമ്പനിയാക്കാൻ ആലോചനയില്ല.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മൂന്ന് വിഭാഗങ്ങളും (SBUs) ഒരേ കുടക്കീഴിൽ തന്നെ സർക്കാർ കമ്പനിയായി നിലനിർത്തുന്നതിനുള്ള വ്യവസ്ഥകളാണ് രണ്ടാം കൈമാറ്റ പദ്ധതിയിലുള്ളത്.

കെ.എസ്.ഇ.ബി. ചാർജ്ജ് കുടിശ്ശിക

11(1999) ശ്രീ പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് ;

(ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ-ബോർഡുകൾ എന്നിവ ഏതെല്ലാം എന്നും ; കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) കുടിശ്ശികയിനത്തിൽ എത്ര തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട് ;

(ഡി) കുടിശ്ശിക വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 കാലയളവിൽ 362.88 കോടി രൂപ എൽ.റ്റി., എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗങ്ങളിലായി പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-3-2015-ലെ കണക്കു പ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള കേന്ദ്ര-സംസ്ഥാന-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക തുക ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സ്ഥാപനങ്ങൾ	തുക കോടിയിൽ
1	കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	2.25
2	സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	122.83
3	കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ	32.32
4	സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ	975.86
5	സ്വയംഭരണ സ്ഥാപനങ്ങൾ	0.19
	ആകെ	1133.45

(സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം 1 മുതൽ 5 വരെ കാണിച്ചിരിക്കുന്നു)*

(സി) 31-3-2015-ലെ കണക്കു പ്രകാരം സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും കൂടി 596.38 കോടി രൂപ കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുണ്ട്.

(ഡി) കുടിശ്ശിക വരുത്തിയവർക്കെതിരെ വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, തവണ വ്യവസ്ഥകൾ അനുവദിക്കൽ ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ മുതലായവ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.-യിൽ പെൻഷൻ ഫണ്ടും മാസ്റ്റർ ട്രസ്റ്റും

12(2000) ശ്രീ ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പെൻഷൻ നൽകുന്നതിനായി ഒരു പെൻഷൻ ഫണ്ടും പ്രസ്തുത ഫണ്ട് മാനേജ് ചെയ്യുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റും രൂപീകരിക്കുമെന്ന കമ്പനിവൽക്കരണ കൈമാറ്റ പദ്ധതിയിലെയും കെ.എസ്.ഇ.ബി. പുനഃസംഘടനയോടനുബന്ധിച്ച് ഉണ്ടാക്കിയ ത്രികക്ഷി കരാറിലെയും വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പെൻഷൻ ഫണ്ട് രൂപീകരണത്തിന്റെയും മാസ്റ്റർ ട്രസ്റ്റ് രൂപീകരണത്തിന്റെയും പുരോഗതി അറിയിക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly